**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2134** **11/02/2020 ൽ മറുപടിയ്ക്ക്**

## സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം

| | ചോദ്യം<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ)യും (ബി)യും | ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആർദ്രം പദ്ധതി ഉൾപ്പെടെ 184 ഫാർമസിസ്റ്റ് തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ ഫാർമസിസ്റ്റ് തസ്തികകളിലും നിയമനം നൽകിയിട്ടുണ്ട്. ഫാർമസിസ്റ്റുകളുടെ കുറവുള്ള ആശുപത്രികളിൽ താൽക്കാലികാടിസ്ഥാനത്തിൽ എച്ച്.എം.സി. മുഖേനയോ എൻ.എച്ച്.എം. മുഖേനയോ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കാറുണ്ട്. |
| (ബി) | എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| (സി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുകൾ അല്ലാത്തവർ മരുന്ന് വിതരണം ചെയ്യരുത് എന്ന നിർദ്ദേശം സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കുന്നുണ്ടോ; | (സി) | നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | ഫാർമസിസ്റ്റുകൾ ഓഫ് എടുക്കുകയോ ലീവ് എടുക്കുകയോ ചെയ്യുന്ന ദിവസങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് വിതരണം നടത്തുന്നത് ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ഡി) | 1948 -ലെ കേരള ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് മരുന്ന് വിതരണം ചെയ്യാവുന്നതാണ്. |
| (ഇ) | ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നത് നിയമപരമായി ശരിയാണോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ